**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2558** **04-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം കോൺക്ലേവ് -2025**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം കോൺക്ലേവ് 2025ന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്; അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും നിരവധി പരിപാടികൾ നടത്തിവരുന്നതിന്റെ ഭാഗമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെയുള്ള നിക്ഷേപക സംഗമമായ വിഴിഞ്ഞം കോൺക്ലേവ് 2025 ജനുവരി 28, 29 തീയതികളിലായി സംഘടിപ്പിച്ചിരുന്നു. 300-ലധികം പ്രതിനിധികളും അൻപതിലധികം കമ്പനികളും വിഴിഞ്ഞം കോൺക്ലേവ് 2025-ൽ പങ്കെടുത്തിരുന്നു.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും (വി.ഐ.എസ്.എൽ) തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായി (ടി.സി.സി.ഐ) ചേർന്നാണ് വിഴിഞ്ഞം കോൺക്ലേവ് 2025 സംഘടിപ്പിച്ചത്. വിഴിഞ്ഞം കേരളത്തിന്റെ വ്യാവസായിക രംഗത്ത് നൽകുന്ന സാധ്യതകളെല്ലാം കോൺക്ലേവിലൂടെ നിക്ഷേപകർക്ക് മുന്നിലെത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസനം 2028ൽ പൂർത്തിയാകുമെന്നും പാസഞ്ചർ കാർഗോ ഷിപ്പ്മെന്റ് സൗകര്യങ്ങൾ കൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി തീരുമെന്നും കരുതുന്നു.<br><br>വല്ലാർപാടം കണ്ടെയ്നർ ടെർമിനലും വിഴിഞ്ഞം തുറമുഖവും കൊല്ലം പോർട്ട് ഉൾപ്പെടെ മറ്റ് 17 ഓളം ചെറിയ തുറമുഖങ്ങളും ചേരുന്നതോടെ കേരളം |

| | | | |
|---|---|---|---|
| | | | സൗത്ത് ഏഷ്യയിലെ തുറമുഖങ്ങളുടെ കേന്ദ്രസ്ഥാനമായി മാറുമെന്നതും വല്ലാർപാടവും വിഴിഞ്ഞവും ആഗോള വിതരണശൃംഖലയിൽ പ്രധാന ഹബ്ബായി മാറുമെന്നതും സംസ്ഥാനത്തിന് ഗുണകരമാണ്.<br><br>വിഴിഞ്ഞത്തേക്കുള്ള ചരക്ക് നീക്കത്തിന്റെ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ ഭാഗമായി വിഴിഞ്ഞത്തേക്ക് റെയിൽ - റോഡ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാലരാമപുരത്ത് നിന്നും വിഴിഞ്ഞം തുറമുഖത്തേക്കുള്ള 10 കിലോ മീറ്റർ പോർട്ട് റെയിൽ ടണൽ ടെർമിനൽ നാലുവർഷത്തിനകവും വിഴിഞ്ഞം തുറമുഖത്ത് നിന്നും ദേശീയ പാത 66-ലേക്കുള്ള കണക്റ്റിവിറ്റി രണ്ടു വർഷത്തിനുള്ളിലും പൂർത്തിയാകുമെന്ന് കരുതുന്നു. ഇപ്രകാരം വിഴിഞ്ഞം പോർട്ടിലേക്കുള്ള കണക്റ്റിവിറ്റി പൂർണ്ണതോതിൽ പൂർത്തിയാകുന്നതോടെ പ്രാദേശികതലത്തിൽ വലിയതോതിലുള്ള വികസനസാധ്യതകൾ ഉണ്ടാകുന്നതാണ്.<br><br>വിഴിഞ്ഞം പോർട്ട് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതോടെ തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വ്യാവസായിക പുരോഗതിക്ക് വലിയതോതിൽ വഴിയൊരുക്കുമെന്നും കരുതുന്നു. |
| (ബി) | തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വ്യവസായിക പുരോഗതിക്ക് സഹായിക്കുന്ന ഏതെല്ലാം പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടത്; വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | പ്രാദേശിക വികസന രംഗത്ത് എന്തെല്ലാം സാധ്യതകൾ ഇതിലൂടെ ആർജിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ